**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1008** **31-01-2024 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി പുഴയുടെ സംരക്ഷണത്തിനായി സംയോജിത നദീതട പ്ലാൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി പുഴയുടെ പുനരുജ്ജീവനത്തിന് സംയോജിത നദീതട പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | അന്തർസംസ്ഥാന ജലം പങ്കിടുന്ന ചാലക്കുടിപ്പുഴയിൽ സംയോജിത നീർത്തട പ്ലാൻ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ എല്ലാ നദികളുടെയും സംയോജിത ജലപദ്ധതികൾ/ മാസ്റ്റർ പ്ലാനുകൾ വികസിപ്പിച്ച് അതിലെ ഓരോ നദീതട സംവിധാനങ്ങൾക്കും സംയോജിത ജലവിഭവ മാനേജ്മെന്റ് മാതൃക (ഐഡബ്ല്യുആർഎം) സംസ്ഥാനത്തിനകത്ത് നടപ്പിലാക്കുന്നതിനായി, റിവർ ബേസിൻ കൺസെർവഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കുവാനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരികയാണ്. |
| (ബി) | ചാലക്കുടി പുഴയിൽ കൂടുതൽ തടയണകൾ നിർമ്മിച്ച് വേനൽക്കാലത്തും ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | (ബി) | നദികളിൽ ചെക്ക്ഡാം നിർമ്മിക്കുന്നതിന് സമഗ്രമായ സാധ്യത വിലയിരുത്തൽ ആവശ്യമാണ്. Hydrological parameters, നിർദ്ദിഷ്ട സൈറ്റിന്റെ ഭൂപ്രകൃതിയും ഭൂസാങ്കേതിക വശവും (topographical and geotechnical) വിലയിരുത്തുക, പാരിസ്ഥിതികവും സാമൂഹികവുമായ ആഘാതം വിലയിരുത്തൽ എന്നിവ ഇതിൽ ഉൾപ്പെടുന്നു. നിയമപരമായ നിയന്ത്രണങ്ങൾ പാലിക്കൽ, cost-benefit ratio വിശകലനം, കാലാവസ്ഥാ വ്യതിയാന പ്രത്യാഘാതങ്ങളുടെ പരിഗണന, എന്നിവ നിർണായക ഘടകങ്ങളാണ്. ഈ സാങ്കേതിക, പാരിസ്ഥിതിക, സാമൂഹിക-സാമ്പത്തിക ഘടകങ്ങളെ അഭിസംബോധന ചെയ്യുന്ന ഒരു സമഗ്രമായ സാധ്യതാപഠനത്തിന് ശേഷം മാത്രമേ കൂടുതൽ തടയണ നിർമ്മിച്ച് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.<br><br>നിലവിൽ മേലൂർ- പരിയാരം ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ച് ചാലക്കുടി പുഴയിൽ കയ്യാനിക്കടവിൽ തടയണ നിർമ്മാണത്തിന് 2020-21 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 300.00 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | അടങ്കൽ തുക വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ investigation പ്രവൃത്തി പൂർത്തീകരിച്ച് IDRB Design പ്രകാരം 720 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ DPR ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിനു മേൽ പരിശോധിച്ചു നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ